# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5242

02.07.2013-ൽ മറുപടിക്ക്

## പരശുവയ്ക്കൽ സർവ്വീസ് സഹകരണ സംഘം

**ചോദ്യം**

ശ്രീ. എ. റ്റി. ജോർജ്ജ് :

**മറുപടി**

ശ്രീ. സി.എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദി ഗ്രാമവ്യവസായവും
മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി)

(എ) തിരുവനന്തപുരം ജില്ലയിലെ പരശുവയ്ക്കൽ സർവ്വീസ് സഹകരണ സംഘത്തിന്റെ ഭരണസമിതി പിരിച്ചുവിട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(എ) ഉത്തരവിന്റെ പകർപ്പ് അനുബന്ധം I ആയി ചേർക്കുന്നു.

(ബി) പിരിച്ചുവിട്ട ഭരണസമിതിയിലെ അംഗങ്ങൾ ആരെല്ലാമെന്നും, ഇവർക്കെതിരെ ചുമത്തിയിരിക്കുന്ന കുറ്റങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ ;

(ബി) ശ്രീ. എസ്. അജയകുമാർ (പ്രസിഡന്റ്), ശ്രീ. കെ. മധു, ശ്രീമതി. ഡി.ജെ. പുഷ്പവല്ലി, ശ്രീ. വൈ. സുനിൽകുമാർ, ശ്രീ. ജി. ജയകുമാർ, ശ്രീ. ഡി. ജയകുമാർ, ശ്രീ. എൻ. രാധാകൃഷ്ണൻ, ശ്രീ. കെ. ഡേവിഡ്സൺ, ശ്രീ. എൻ.എ. റോൺ എന്നിവരാണ് പിരിച്ചുവിടപ്പെട്ട ഭരണസമിതിയിലെ അംഗങ്ങൾ.

ബാങ്ക് നിയമാവലി വ്യവസ്ഥകൾക്കും, സഹകരണ നിയമങ്ങൾക്കും ചട്ടങ്ങൾക്കും, സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങൾക്കും വിരുദ്ധമായി ബാങ്കിന്റെ പ്രവർത്തന പരിധിക്ക് പുറത്തുള്ള ആളുകൾക്ക് ബാങ്കിൽ അംഗത്വം നൽകുകയും വായ്പ വിതരണം നടത്തുകയും, ഭരണസമിതിയംഗങ്ങളുടെ ബന്ധുക്കൾക്ക് അനധികൃതമായി വായ്പ

നൽകി കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തുകയും, ബാങ്കിന്റെ ക്ലാസിഫിക്കേഷൻ പ്രകാരം അംഗീകരിച്ച് നൽകിയിട്ടുള്ള സ്റ്റാഫ് പാറ്റേണിൽ അധികരിച്ച് വിവിധ തസ്തികകളിൽ നിയമനങ്ങൾ നടത്തുകയും, അംഗീകരിച്ച പോഷക വിഭാഗം ഉപ നിബന്ധനകൾ ഇല്ലാതെ ക്രമവിരുദ്ധമായി ജീവനക്കാർക്ക് പ്രമോഷൻ നൽകുകയും, സഹകരണ സംഘം രജിസ്ട്രാറുടെ മുൻകൂർ അനുവാദമില്ലാതെ ബാങ്കിന്റെ പൊതുഫണ്ട് വിനിയോഗിച്ച് നിർമ്മാണ പ്രവർത്തനം നടത്തുകയും, സഹകരണ വകുപ്പിന്റെ നിർദ്ദേശങ്ങൾ കണക്കിലെടുക്കാതെ പ്രതിമാസ നിക്ഷേപ പദ്ധതികൾ നടത്തുകയും ചെയ്തു എന്നതാണ് ടി അംഗങ്ങൾക്കെതിരെ ചുമത്തിയിട്ടുള്ള കുറ്റം.

(സി) പ്രസ്തുത സംഘത്തിനുണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടം എത്രയെന്നും, സർചാർജ് ചുമത്തിയ ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കാമോ ; സർചാർജ് ചുമത്തിയിട്ടില്ല എങ്കിൽ അത് ചുമത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) പരശുവയ്ക്കൽ സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനപരിധിക്ക് പുറത്ത് അംഗത്വം നൽകിയവർക്ക് വായ്പ നൽകിയതുമൂലം ബാങ്കിന് ഭരണസമിതി 31,28,250/- രൂപ ദുർവിനിയോഗം ചെയ്തതായി സഹകരണ നിയമം വകുപ്പ് 66 പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തുകയും തുടർന്ന് സഹകരണ നിയമം വകുപ്പ് 68(1) പ്രകാരമുള്ള പരിശോധനയിൽ ടി തുക മുഴുവൻ വായ്പക്കാരിൽ നിന്നും തിരികെ ഈടാക്കി വായ്പ കണക്ക് അവസാനിപ്പിക്കുകയും ചെയ്തിരുന്നു. ആയതിനാൽ സർചാർജ് ചുമത്തിയിട്ടില്ല. ഭരണസമിതി നടത്തിയിട്ടുള്ള മറ്റ് ക്രമക്കേടുകൾ സംബന്ധിച്ച് തുടർനടപടി സ്വീകരിച്ചുവരുന്നു.

(ഡി) സംഘം നടത്തിയ ചിട്ടി, താത്കാലിക അംഗീകാരം ഇല്ലാതെ ജീവനക്കാരെ നിയമിച്ച് ശമ്പളം നൽകൽ, ബിനാമി പേരിൽ കാർഷിക സബ്സിഡി ലോൺ തട്ടിപ്പ് എന്നിവയിലൂടെ സംഘത്തിനും സർക്കാരിനും നഷ്ടം വരുത്തിയ ഭരണ സമിതി അംഗങ്ങൾക്കെതിരെ സ്വീകരിച്ച നടപടിയുടെ വിശദാംശം ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് സഹിതം ലഭ്യമാക്കുമോ ;

(ഡി) പരശ്ശുവയ്ക്കൽ സർവ്വീസ് സഹകരണ ബാങ്കിൽ നടന്ന ക്രമക്കേടുകൾ സംബന്ധിച്ച ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ കേരള സഹകരണ നിയമം വകുപ്പ് 66 പ്രകാരം ബാങ്കിൽ വിശദമായ പരിശോധന നടത്തിയതിൽ ടി ബാങ്ക് സഹകരണ നിയമം / ചട്ടം, ബാങ്ക് നിയമാവലി, സഹകരണ സംഘം രജിസ്ട്രാറുടെ കാലാകാലങ്ങളിലെ സർക്കുലർ എന്നിവയ്ക്ക് വിരുദ്ധമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് എന്ന് ബോദ്ധ്യപ്പെട്ടിരുന്നു. ഈ സാഹചര്യത്തിൽ സഹകരണ നിയമത്തിനും ബാങ്ക് നിയമാവലിക്കും വിരുദ്ധമായി വായ്പ അനുവദിച്ച് ബാങ്ക് തുക ദുർവിനിയോഗം ചെയ്തത് കാരണം ബാങ്കിനുണ്ടായ നഷ്ടം എത്രയാണെന്ന് കണ്ടെത്തുന്നതിനും ആയതിനുള്ള ഉത്തരവാദികൾ ആരാണെന്ന് കണ്ടെത്തുന്നതിനും സഹകരണ നിയമം വകുപ്പ് 68 പ്രകാരം അന്വേഷണം നടത്തുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. നിലവിലുള്ള ഭരണസമിതിയെ സഹകരണ നിയമം വകുപ്പ് 32 പ്രകാരം തൽസ്ഥാനത്ത് നിന്നും നീക്കം ചെയ്ത് പാർട്ട് ടൈം അഡ്മിനിസ്ട്രേറ്ററെ നിയമിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം I, II, III ആയി ഇതോടൊപ്പം ലഭ്യമാക്കുന്നു.

(ഇ) ബിനാമികളെ വച്ച് കാർഷിക സബ്സിഡി തട്ടിയെടുത്ത സംഘം ഡയറക്ടർ ബോർഡ് അംഗങ്ങൾക്കെതിരെ വിജിലൻസ് അന്വേഷണം നടത്താൻ തയ്യാറാകുമോ ?

(ഇ) ബിനാമികളെ വച്ച് ഭരണസമിതി അംഗങ്ങൾ കാർഷിക വായ്പ തട്ടിയെടുത്തിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**